ശ്രദ്ധ ക്ഷണിക്കൽ

സ്ഥിരം സമിതി രൂപീകരിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. കെ. ശിവദാസൻ നായർ: സർ, അന്തർ സംസ്ഥാന നദീജല തർക്കങ്ങളിൽ പലപ്പോഴും നമ്മുടെ സംസ്ഥാനത്തിന് വേണ്ടവിധത്തിൽ വേണ്ട സമയത്ത് ഇടപെടാനോ നമ്മളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്ന തരത്തിൽ ഫലപ്രദമായി തർക്കങ്ങൾ പരിഹരിക്കുന്നതിനോ കഴിയാറില്ല. ഇത് നമ്മുടെ എല്ലാ നദീജല തർക്കങ്ങളിലും അതിർത്തി തർക്കങ്ങളിലുമെല്ലാം ഈ കുഴപ്പങ്ങൾ സാധാരണഗതിയിൽ ഉണ്ടാകാറുണ്ട്. പ്രശ്നങ്ങൾ വന്നതിനുശേഷമാണ് ഇക്കാര്യത്തിൽ പലപ്പോഴും ഇടപെടാറുള്ളതെന്നതാണ് ഇതിനകത്തെ ഏറ്റവും വലിയ ഗൗരവതരമായ പ്രശ്നം. സാധാരണ ഗതിയിൽ ഇക്കാര്യത്തിൽ അതിന് നിയോഗിക്കപ്പെട്ട അല്ലെങ്കിൽ ഓരോ ഡിപ്പാർട്ടുമെന്റിലേയും ഉന്നത തലത്തിലുള്ള ഉദ്യോഗസ്ഥന്മാരാണ് അവരുടെ മറ്റ് ഔദ്യോഗിക കൃത്യനിർവ്വഹണത്തിനിടയിൽ ഇതുപോലുള്ള കാര്യങ്ങൾ പരിഹരിക്കുന്നതിന് പരിശ്രമിക്കാറുള്ളത്. ഇവിടെ മുല്ലപ്പരിയാറിന്റെ കാര്യത്തിൽ നമുക്ക് ഒരുപാട് തിരിച്ചടികൾ നേരിട്ടിട്ടുണ്ട്. അതുപോലെ, തമിഴ്നാടിന്റെ മുഖ്യമന്ത്രി നാല് ഡാമുകൾ അവരുടേതാണന്ന് പറയുന്ന സാഹചര്യം വരെയുണ്ടായി. മുഖ്യമന്ത്രി അക്കാര്യത്തിൽ ഫലപ്രദമായി ഇടപെട്ടതുകൊണ്ട് ആ പ്രശ്നം താൽക്കാലികമായിട്ടാണെങ്കിലും നമുക്ക് പരിഹരിക്കാൻ കഴിഞ്ഞു. ഇതൊക്കെ എന്തുകൊണ്ട് സമയത്ത് പരിഹരിക്കാനുള്ള ഒരു പ്രത്യേക സംവിധാനമില്ലായെന്നുള്ളതാണ് ഗൗരവമായ ചോദ്യം. കമ്പനി നദിയിലെ 21 ടി.എം.സി. വെള്ളം നമുക്ക് ഉപയോഗിക്കുന്നതിനുവേണ്ടി കാവേരി ട്രിബ്യൂണലിന്റെ ഉത്തരവുണ്ടായിട്ടും നമ്മൾ ഇപ്പോഴും 5 ടി.എം.സി. വെള്ളം മാത്രമേ ഉപയോഗിക്കുന്നുള്ളൂ.

നമ്മൾ 5 ടി.എം.സി. വെള്ളം മാത്രമേ ഉപയോഗിക്കുന്നുള്ളൂവെന്നും നമുക്ക് അനുവദിച്ച വെള്ളം പൂർണ്ണമായും ഉപയോഗിക്കാൻ കഴിയുന്നില്ലായെന്നുമുള്ള കാര്യം പറഞ്ഞുകൊണ്ട് തമിഴ്നാട് വീണ്ടും ട്രിബ്യൂണലിൽ പെറ്റീഷൻ കൊടുത്തു. കർണ്ണാടക വീണ്ടും അതിന് തർക്കങ്ങൾ ഉന്നയിച്ചിരിക്കുകയാണ്. നമ്മൾ കബനിയിൽ ഒരു തടയണ കെട്ടിയത് കർണ്ണാടകത്തിലെ ആളുകൾ പൊളിച്ചുകളയുന്ന സാഹചര്യമുണ്ടായി. ഇതൊക്കെ നമ്മൾ പരിഹരിക്കണം. അതിന് ഇന്റർ സ്റ്റേറ്റ് വാട്ടർ അഡ്വൈസറി കമ്മിറ്റി നമുക്ക് നിലവിലുണ്ട്. ഇപ്പോൾ അതിനകത്ത് ഒരു ടെക്നിക്കൽ അംഗമല്ലാതെ മറ്റാരും ഉണ്ടെന്ന് തോന്നുന്നില്ല. ലീഗൽ ആയിട്ടുള്ള ഒരു മെമ്പർ അതിനകത്തില്ല. ഇതൊക്കെ ലീഗലായിട്ടുള്ള ധാരാളം പ്രശ്നങ്ങൾ ഉൾക്കൊള്ളുന്നതാണ്. സമയാസമയങ്ങളിൽ ഇത്തരം എല്ലാ തർക്കങ്ങളെ സംബന്ധിച്ച് പഠിക്കുന്നതിനും അവ പഠിച്ച് ഗവൺമെന്റിനെയും ഡിപ്പാർട്ടുമെന്റിനെയും കാര്യങ്ങൾ അറിയിക്കുന്നതിനും നിയമപരമായി ഇക്കാര്യത്തിൽ എന്തെല്ലാം കാര്യങ്ങളാണ് ചെയ്യേണ്ടതിനെ സംബന്ധിച്ച് പ്രോപ്പറായി സമയാസമയങ്ങളിൽ അഡ്വൈസ് ചെയ്യുന്നതിനും ഒരു സ്ഥിരം സംവിധാനം നമുക്ക് അത്യാവശ്യമായി ഉണ്ടാകേണ്ടത് അനിവാര്യമാണെന്ന കാര്യത്തിൽ ഒരു സംശയവുമില്ല. നദീജല തർക്കത്തെക്കുറിച്ച് മാത്രമാണ് ഞാൻ ഇവിടെ സൂചിപ്പിച്ചത്. നമുക്ക് മംഗളാദേവി പോലുള്ള സ്ഥലങ്ങളിൽ നമ്മുടെ ബൗണ്ടറി സംബന്ധിച്ചും ധാരാളം തർക്കങ്ങളുണ്ട്. മറ്റ് സംസ്ഥാനങ്ങളിലുള്ള പ്രോപ്പർട്ടിയും വസ്തുവകകൾ സംരക്ഷിക്കുന്നത് സംബന്ധിച്ചും തർക്കങ്ങളുണ്ട്. ഇക്കാര്യങ്ങളൊക്കെ ഗൗരവമായി പഠിക്കുന്നതിന് ഇന്നുള്ള സംവിധാനങ്ങൾ അപര്യാപ്തമാണെന്നുള്ളത് തെളിഞ്ഞിട്ടുണ്ട്. അതുകൊണ്ട്

ശരിയായ രീതിയിൽ അഡ്വൈസറി കൗൺസിൽ അധികാരങ്ങളോടുകൂടി കാര്യങ്ങൾ പഠിച്ച് നിയമപരമായ കാര്യങ്ങൾവരെ ഗവൺമെന്റിനെ ഉപദേശി ക്കുന്നതിനുള്ള സംവിധാനമുണ്ടാക്കാൻ ശ്രമിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, അന്തർ സംസ്ഥാന നദീജല തർക്കങ്ങളിൽ സംസ്ഥാന താൽപ്പര്യങ്ങൾ സംരക്ഷിക്കുവാൻവേണ്ടി കൂടുതൽ ജാഗ്രതവേണമെന്ന മെമ്പറുടെ നിർദ്ദേശം ഞാൻ പൂർണ്ണമായും ഉൾക്കൊള്ളുകയാണ്. അതിനുവേണ്ടി ചില പ്രത്യേക സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. അന്തർ സംസ്ഥാന നദീജല വിഷയങ്ങളിൽ സംസ്ഥാന താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി സർക്കാരിന് ആവശ്യ മായ ഉപദേശം നൽകുന്നതിന് വിവിധ വിഷയങ്ങളിൽ വിദഗ്ധരായ വ്യക്തി കളെ ഉൾപ്പെടുത്തിക്കൊണ്ട് ഇന്റർ സ്റ്റേറ്റ് വാട്ടർ അഡ്വൈസറി കമ്മിറ്റി നിലവിൽ പ്രവർത്തിച്ചുവരുന്നുണ്ട്. മുല്ലപ്പെരിയാർ വിഷയത്തിൽ സർക്കാരിനാവശ്യമായ ഉപദേശം നൽകുന്നതിനായി ഇലക്ട്രിസിറ്റി ബോർഡ് റിട്ടയർ മെമ്പർ ശ്രീ. എം.കെ. പരമേശ്വരൻ നായർ ചെയർമാനായി മുല്ലപ്പെരിയാർ സ്പെഷ്യൽ സെൽ പ്രവർത്തിച്ചുവരുന്നുണ്ട്. ജലസേചനവും ഭരണവിഭാഗവും ചീഫ് എഞ്ചിനീയറുടെ നേതൃത്വത്തിൽ ജലസേചന വകുപ്പിൽ അന്തർസംസ്ഥാന ജലവിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിനായി പ്രത്യേക വിഭാഗം ഇപ്പോൾത്തന്നെ നിലവിലുണ്ട്. പറമ്പിക്കുളം– ആളിയാർ പദ്ധതിയുടെ മേൽനോട്ടത്തിനും അനുബന്ധ പ്രവർത്തനങ്ങൾക്കുമായി ഒരു ജോയിന്റ് ഡയറക്ടറുടെ നേതൃത്വത്തിൽ ജോയിന്റ് വാട്ടർ റെഗുലേഷൻ ഡിവിഷൻ പ്രവർത്തിച്ചുവരുന്നു. കരാർ അനുസരിച്ച് അർഹമായ ജലം നേടി യെടുക്കുന്നതിനുള്ള നടപടികൾ പ്രസ്തുത ഡിവിഷൻ മുഖേനയാണ്

സ്വീകരിച്ചുവരുന്നത്. അന്തർ സംസ്ഥാന നദീജല വിഷയങ്ങൾ സംബന്ധിച്ച് ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ നിലവിലുള്ള കേസ്സുകളുടെ സുഗമമായ നടത്തിപ്പിനായി ജലസേചനവകുപ്പിലെ ഒരു എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നേതൃത്വത്തിൽ ഡൽഹിയിൽ കാവേരി സെൽ പ്രവർത്തിക്കുന്നുണ്ട്. കേരളത്തിന് അവകാശപ്പെട്ട ജലസ്രോതസ്സുകൾ നഷ്ടപ്പെടാതിരിക്കാനും ജലം അനധികൃതമായി തിരിച്ചുകൊണ്ടുപോകുന്നത് തടയാനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് റിവർ ബേയ്സിനുകൾ കേന്ദ്രീകരിച്ച് ജലസേചനവകുപ്പിലെ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നേതൃത്വത്തിൽ പ്രത്യേക വിജിലൻസ് വിഭാഗവും പ്രവർത്തിച്ചുവരുന്നു. പ്രസ്തുത വിജിലൻസ് ഓഫീസർമാർ എല്ലാ മാസവും പരിശോധന നടത്തി ചീഫ് എഞ്ചിനീയർ മുഖേന ആവശ്യമായ റിപ്പോർട്ട് സർക്കാരിന് നൽകുന്നുണ്ട്. വിജിലൻസ് ഓഫീസർമാർ ലഭ്യമാക്കുന്ന റിപ്പോർട്ടുകൾ പരിശോധിച്ച് അനധികൃതമായി ജലം തിരിച്ചുവിടുന്ന സാഹചര്യമുണ്ടെങ്കിൽ യഥാസമയം ബന്ധപ്പെട്ട സംസ്ഥാനങ്ങളുമായി സംസ്ഥാന ഗവൺമെന്റ് ഇടപെടുന്നതാണ്. ഇങ്ങനെയുള്ള നടപടികളൊക്കെയുണ്ടെങ്കിലും ഇത് ഏറ്റവും സുപ്രധാനമായ ഒരു പ്രശ്നമാണ്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ഉന്നയിച്ച പ്രശ്നങ്ങൾ അതീവ ജാഗ്രതയോടുകൂടി പരിശോധിക്കുന്നതും ഇന്നുള്ള സംവിധാനത്തിൽ എന്തെങ്കിലും കുറവുണ്ടെങ്കിൽ അത് പരിഹരിക്കാനും പുതിയതായി എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തണമെങ്കിൽ ഏർപ്പെടുത്താനും ഗവൺമെന്റ് പ്രത്യേക നിലപാട് സ്വീകരിക്കുമെന്ന് വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

ശ്രീ. കെ. ശിവദാസൻ നായർ: സർ, ഓരോന്നിനും പ്രത്യേകമായ ചില സംവിധാനങ്ങളുണ്ട്. ഇത് ഏകോപിപ്പിച്ച് എല്ലാ കാര്യങ്ങളും പരിശോധിക്കു

ന്നതിനുള്ള ഒരു സംവിധാനം ഇന്നില്ല എന്നുള്ളത് യാഥാർത്ഥ്യമാണ്. പറമ്പിക്കുളത്ത് 7.25 ഠങഇ വെള്ളം നമുക്ക് ലഭിക്കേണ്ടത് ലഭിച്ചിട്ടില്ല. ഇത്തരം സംഭവങ്ങൾ നിരന്തരമയി ഉണ്ടാകുന്നതുകൊണ്ടാണ് ഈ പ്രശ്നങ്ങൾ ഞാൻ ഉന്നയിച്ചത്. ഇവിടെ ഏറ്റവും ഗൗരവമായി നടപടിയെടുക്കേണ്ട പ്രധാന പ്രശ്നം പമ്പ-അച്ചൻകോവിൽ വൈപാർ ലിങ്കിനാണ്. സുപ്രീംകോടതിയുടെ നദീസംയോജനത്തിനുവേണ്ടിയുള്ള ക്ലിയർ ഡയറക്ഷൻ വന്നതിനുശേഷം നമുക്ക് ഇക്കാര്യത്തെ സംബന്ധിച്ച് ഗൗരവമായി പഠിക്കുവാനും പമ്പ-അച്ചൻകോവിൽ വൈപാർ ലീങ്ക് പദ്ധതി നടപ്പിലാകാതിരിക്കുന്നതിനുമുള്ള സത്വര നടപടികൾ വേണം. ഇക്കാര്യത്തെ സംബന്ധിച്ച് കാര്യങ്ങൾ പഠിക്കുന്നതിന് ഏതെങ്കിലും സമിതിയെ നിയോഗിച്ചിട്ടുണ്ടോ; എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, പമ്പ-അച്ചൻകോവിൽ വൈപാർ ലീങ്കേജിന്റെ കാര്യത്തിൽ ഗവൺമെന്റിന് വ്യക്തമായ സമീപനമുണ്ട്. അത് നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള സംവിധാനവുമുണ്ട്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യം ഗൗരവമുള്ളതുതന്നെയാണ്. നമ്മുടെ അന്തർസംസ്ഥാന നദീജല പ്രശ്നങ്ങളെല്ലാംകൂടി കോ-ഓർഡിനേറ്റ് ചെയ്യുന്നതിനുവേണ്ടി ഒരു ഉന്നതതല സംവിധാനം വേണമെന്നുള്ള നിർദ്ദേശം പ്രത്യേകമായി പരിഗണിക്കുമെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുന്നു.

## കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ സാമ്പത്തിക പ്രതിസന്ധി

ശ്രീ. ചിറ്റയം ഗോപകുമാർ: സർ, കേരളത്തിൽ ഏകദേശം പതിനേഴോളം ക്ഷേമനിധി ബോർഡുകളുണ്ട്. ആ ക്ഷേമനിധി ബോർഡുകളു

ടെയെല്ലാം പ്രവർത്തനം ഇപ്പോൾ മന്ദഗതിയിലായിരിക്കുകയാണ്. അതിൽ ഏറ്റവും പ്രധാനപ്പെട്ട ക്ഷേമനിധി ബോർഡാണ് കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡ്. 1991-ലാണ് ഇത് പ്രവർത്തനം ആരംഭിച്ചത്. ഇപ്പോൾ ആ ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനത്തിന് സാമ്പത്തികമില്ലാതെ പ്രയാസമനുഭവിച്ചുകൊണ്ടിരിക്കുകയാണ്. ഏകദേശം 23 ലക്ഷത്തോളം ആളുകൾ രജിസ്റ്റർ ചെയ്തിട്ടുള്ള ക്ഷേമനിധി ബോർഡിൽ ഇപ്പോൾ 17 ലക്ഷ ത്തോളം ആളുകൾക്ക് സജീവമായി അംഗത്വമായിട്ടുണ്ട്. ആ ക്ഷേമനിധി ബോർഡിൽനിന്ന് റിട്ടയർ ചെയ്തിട്ടുള്ളവരുടെ ആനുകൂല്യം കുടിശ്ശികയായി രിക്കുകയാണ്. ഏകദേശം 1,98,000 അപേക്ഷകർ ആനുകൂല്യം ലഭിക്കാൻവേണ്ടി കാത്തിരിക്കുകയാണ്. റിട്ടയർമെന്റ് ആനുകൂല്യത്തിന് 180 കോടി രൂപയും വിവാഹ ധനസഹായത്തിന് 11 കോടി രൂപയും മരണാനന്തര ധനസഹായത്തിന് 31 ലക്ഷം രൂപയും പ്രസവ ധനസഹായത്തിന് 22 ലക്ഷം രൂപയും ചികിത്സാ ധനസഹായത്തിന് 6.25 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 192 കോടി രൂപയുണ്ടെങ്കിൽ മാത്രമേ ആ ക്ഷേമനിധിയുടെ പ്രവർത്തനം സുഗമമായി മുന്നോട്ട് പോകുകയുള്ളൂ. 2006 മുതൽ 2011 വരെയുള്ള കാലഘട്ടത്തിൽ എൽ.ഡി.എഫ്. ഗവൺമെന്റ് മൂന്ന് പ്രാവശ്യമായി ഏതാണ്ട് 125 കോടി രൂപ ആ ബോർഡിന് നൽകിയിരുന്നു. 125 കോടി രൂപ നൽകിയ പ്പോൾ ബോർഡിന്റെ പ്രവർത്തനം കുറച്ച് കാര്യക്ഷമമായി മുന്നോട്ടുപോയി. എന്നാൽ ഈ ഗവൺമെന്റ് വന്നതിനുശേഷം യാതൊരുവിധ ധനസഹായവും ആ ക്ഷേമനിധി ബോർഡിന് നൽകാൻ കഴിഞ്ഞിട്ടില്ല. നിയമാനുസൃതമായി സർക്കാർ, ബോർഡിന് നൽകേണ്ട മാച്ചിംഗ് ഗ്രാന്റുപോലും തൊഴിലാളി

കൾക്ക് നിഷേധിക്കുന്ന ഒരു സമീപനമാണ് ഇപ്പോൾ സ്വീകരിച്ചുവരുന്നത്. ബോർഡിന്റെ നിലവിലുള്ള സ്ഥിതി ഭയാനകമായ നിലയിലാണ് മുന്നോട്ടു പോകുന്നത്. ആ സ്ഥിതി മാറ്റിയെടുക്കാൻവേണ്ടി കർഷകത്തൊഴിലാളി സംഘടനകൾ നിരവധി പ്രാവശ്യം ഈ വിഷയം ഉന്നയിച്ച് ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരുകയും പ്രക്ഷോപണങ്ങൾ നടത്തുകയുമൊക്കെ ചെയ്തതാണ്. എന്നാൽ യാതൊരുവിധ നടപടിയും ഈ ക്ഷേമനിധിയുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടില്ല. കർഷകത്തൊഴിലാളി ക്ഷേമനിധിയിലേയ്ക്ക് ആനുകൂല്യം കൊടുക്കുന്നത് സംബന്ധിച്ച് ഈ നിയമസഭയിൽത്തന്നെ നിരവധി പ്രാവശ്യം ഞാനും എം.എൽ.എ.മാരും ഉന്നയിച്ചതാണ്. ഇപ്പോൾ തൊഴിലാളികളുടെ വിഹിതം അഞ്ച് രൂപയാണ്. അഞ്ച് രൂപ വർദ്ധിപ്പിച്ച് പത്ത് രൂപയാക്കുന്നതിന് തൊഴിലാളികൾ അനുകൂലമാണ്. അതിന്റെ നടപടികളെ സംബന്ധിച്ച് ഗവൺമെന്റ് ആലോചിക്കണം. അതുപോലെ ഭൂ ഉടമാ വിഹിതമായി നിലവിൽ ഒരു ആർ (രണ്ടര സെന്റ്) –ന് നിലവിൽ 25 പൈസ യാണ് ഈടാക്കുന്നത്. ഇതുതന്നെ കൃത്യമായി റവന്യൂ വകുപ്പ് പിരിച്ചട യ്ക്കുന്നില്ല. മാത്രവുമല്ല ഭൂ ഉടമകളുടെ രജിസ്റ്റർ കൃത്യമായി വില്ലേജ് ആഫീസിലില്ല. ആരൊക്കെയാണ് ഭൂമിയുള്ളവർ; എത്ര ഭൂമിയുണ്ട് എന്ന തിനെസംബന്ധിച്ച് വില്ലേജ് ആഫീസിൽ കൃത്യമായ രേഖയില്ല. അതുകൊണ്ടു തന്നെ ഇത് യഥാസമയം പിരിച്ചെടുക്കുന്നതിനോ ആ പണം കർഷകത്തൊഴി ലാളി ക്ഷേമനിധി ബോർഡിലേക്ക് എത്തിക്കുന്നതിനോ ആവശ്യമായ നടപടി ഉണ്ടാകുന്നില്ല. അടിയന്തിരമായി അതിനെ സംബന്ധിച്ച് ഗവൺമെന്റ് ആലോചിക്കുകയും തീരുമാനമെടുക്കുകയും വേണം. കശുവണ്ടി തൊഴിലാ ളികളുടെ പെൻഷൻ ആറ് മാസമായി കുടിശ്ശികയാണ്. നിർമ്മാണ

തൊഴിലാളി മേഖലയുമായി ബന്ധപ്പെട്ട് അവരുടെ പെൻഷനും 10 മാസമായി കുടിശ്ശികയാണ്. ചുമട്ടുതൊഴിലാളി രംഗത്ത് പ്രധാനപ്പെട്ട ജംഗ്ഷനിൽ സ്കാറ്റേഡായി കിടക്കുന്ന തൊഴിലാളികൾക്ക് കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റ് അഞ്ചര കോടി രൂപ കൊടുത്തിരുന്നു. ഈ ഗവൺമെന്റ് വന്നതിനുശേഷം ഒരു നയാപൈസ നൽകിയിട്ടില്ല. അത്തരം തൊഴിലാളികളെക്കൂടി പരിഗണിക്കുന്നതിനാവശ്യമായ സാമ്പത്തിക സഹായം നൽകണം. ഈ വിഷയം അങ്ങ് ഗൗരവമായി കണ്ട് നടപടി സ്വീകരിച്ച് വിവിധ ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കണമെന്നാണ് അങ്ങയോട് അഭ്യർത്ഥിക്കാനുള്ളത്.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): സർ, ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതെല്ലാം വസ്തുതകൾ തന്നെയാണ്. ഡിമാന്റ് ചർച്ചയിൽ ഞാൻ ഇക്കാര്യം ഇവിടെ വിശദമാക്കുകയാണ്. കഴിഞ്ഞദിവസം സെൻട്രൽ ട്രേഡ് യൂണിയൻസിന്റെ പ്രതിനിധികളെയെല്ലാം വിളിച്ചുവരുത്തി ക്ഷേമനിധിബോർഡുകൾ എത്ര ദയനീയ സ്ഥിതിയിലാണ് പ്രവർത്തിക്കുന്നതെന്നുള്ളത് അവരെ ബോദ്ധ്യപ്പെടുത്തി കൂട്ടായി ചർച്ച ചെയ്ത് ചില പരിഹാരനിർദ്ദേശങ്ങൾ എടുത്തിട്ടുണ്ട്. ഇവിടെ പ്രധാനമായി കർഷകത്തൊഴിലാളി ക്ഷേമനിധിബോർഡിനെപ്പറ്റിയാണ് പറയുന്നത്. കർഷകത്തൊഴിലാളി ക്ഷേമനിധിബോർഡിന് പ്രതിവർഷം വരുമാനം പരമാവധി 9 കോടി രൂപയും ഈ വർഷമായപ്പോൾ ചെലവ് 48 കോടി രൂപയുമാണ്. ഞാൻ ഡിമാന്റ് ചർച്ചയിൽ പറഞ്ഞതാണ് 60 രൂപ തൊഴിലാളിയുടെ കൈയ്യിൽ നിന്നും ഒരു വർഷം വാങ്ങിയിട്ട് അധിവർഷാനുകൂല്യമായി

മാത്രം ഒരു വർഷത്തേയ്ക്ക് 625 രൂപാവീതം തിരിച്ചു കൊടുക്കണം. മൂന്നു വർഷം 180 രൂപ അടച്ചിട്ടുള്ളവർക്ക് 5,000/- രൂപ അധിവർഷാനുകൂല്യം കൊടുക്കണം. ഇങ്ങനെ ഒരു ബോർഡിനും മുന്നോട്ട് പോകാൻ കഴിയില്ല. എൽ.ഡി.എഫ്. ഗവൺമെന്റ് ആ സമയത്തൊരു വൺടൈം ഹെൽപ്പായിട്ട്....., അന്നും കുടിശ്ശിക ഉണ്ടായിരുന്നു. 2000 മുതൽ ഈ ബോർഡിനെ പരാധീനതകൾ ബാധിച്ചുതുടങ്ങി. 2009-2010 വർഷത്തിൽ ഒരു വൺടൈം ഹെൽപ്പ് എന്നുള്ള നിലയിൽ കുറെ പൈസ കൊടുത്തു. അത് ഞാൻ അംഗീകരിക്കുന്നു. ഇന്നിപ്പോൾ ആ നിലയിലുള്ള സാമ്പത്തിക ഭദ്രത ഗവൺമെന്റിനില്ലാത്തതുകൊണ്ടാണ് നിരന്തരമായി ആവശ്യപ്പെട്ടിട്ടും ആ പണം ലഭിക്കാത്തത്. കേവലം ഒരു തവണ പണം കൊടുത്തതുകൊണ്ട് ഇതിന് പരിഹാരമുണ്ടാകുന്നില്ല. നമ്മൾ ഇപ്പോൾ സെൻട്രൽ ട്രേഡ് യൂണിയൻസിന്റെ ഒരു സബ്കമ്മിറ്റി രൂപീകരിച്ചിരിക്കുകയാണ്. ഇത് കൂട്ടായി ചർച്ച ചെയ്ത്, ഗവൺമെന്റിൽ നിന്ന് ഒരു തവണ കൂടി ഇതിനാവശ്യമുള്ള സഹായം വാങ്ങിച്ചെടുക്കാമെന്ന് ധരിച്ചാൽ പോലും പിന്നെയും ഇത് സ്വയംപര്യാപ്തമായി പോകുന്ന ഒരു സാഹചര്യമുണ്ടാകണം, അതിനുള്ള വർദ്ധനവുണ്ടാകണം. അതിനുവേണ്ടിയുള്ള കാര്യങ്ങളാണിപ്പോൾ ആലോചിച്ചുകൊണ്ടിരിക്കുന്നത്. അതിന്റെ പരിധിയിൽ തൊഴിലാളികളുടെ വിഹിതം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് ലേബർ ഡിപ്പാർട്ടുമെന്റ് അമന്റ്മെന്റ് തയ്യാറാക്കി വച്ചിരിക്കുകയാണ്. ഇനി തൊഴിലാളി യൂണിയനുകളുടെ കൺസെൻസുകൂടി ഉണ്ടായിക്കഴിഞ്ഞാൽ ആ കാര്യങ്ങളുമായി നമുക്ക് മുന്നോട്ടുപോകാൻ സാധിക്കും. എല്ലാ ക്ഷേമനിധി ബോർഡുകളും നിർമ്മാണത്തിന്റെ കാര്യമാണ് പറയുന്നത്. നിർമ്മാണത്തിൽ 10 മാസമായി കുടിശ്ശികയെന്നു പറയുന്നത് വർദ്ധിപ്പിച്ച

പെൻഷൻ വേണമെന്നുള്ളതാണ്. ഗവൺമെന്റ് അത് അനുഭാവപൂർവ്വം പരിഗണിക്കണമെന്നുണ്ടെങ്കിൽ ഇത് സെൻട്രൽ ട്രേഡ് യൂണിയൻസിനെ ബോദ്ധ്യപ്പെടുത്തേണ്ട കാര്യമുണ്ട്. ഏറ്റവും ഭദ്രതയുള്ള ബോർഡ് നിർമ്മാണ മാണെന്നാന്ന് നമ്മൾ ധരിച്ചിരിക്കുന്നതെങ്കിലും 2020 ആകുമ്പോഴേക്കും നിർമ്മാണ ബോർഡിന് 270 കോടി രൂപ പ്രതിവർഷ വരുമാനവും 450 രൂപ പ്രതിവർഷം ചെലവുമാകാൻ പോകുകയാണ്. അതും 2020 ആകുമ്പോ ഴേക്കും നിശ്ചലമാകാൻ പോകുകയാണ്. അത് മുന്നിൽ കണ്ടുകൊണ്ട് നമ്മുടെ അവൈലബിൾ റിസോഴ്സസ് വച്ചു കൊടുക്കാമെന്നു വിചാരിച്ചതു കൊണ്ടുമാത്രമാണ് വർദ്ധിച്ച പെൻഷൻ ഇപ്പോൾ കൊടുക്കാതിരിക്കുന്നത്. ഒരു പുന:ക്രമീകരണത്തിന്റെ ഭാഗമായി; വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായുള്ള സാഹചര്യം ഒരുങ്ങുമ്പോൾ; അതും മുന്നോട്ടുകൊണ്ടു പോകാൻ സാധിക്കും. ക്ഷേമനിധി പെൻഷനുകൾക്കെല്ലാം 6 മാസത്തെ കുടിശ്ശികയുണ്ട്. അത് പ്രോസസ്സ് ചെയ്തുകൊണ്ടിരിക്കുകയാണ്. 3 മാസത്തെ പെൻഷൻ ഈ വരും ദിവസങ്ങളിൽതന്നെ കൊടുക്കാൻ കഴിയു മെന്നാണ് ധനകാര്യവകുപ്പിൽ നിന്ന് അറിയിച്ചിരിക്കുന്നത്. അത് കൊടുക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇതിനൊരു കൺസെൻസസ് ഉണ്ടായി, നമുക്കെല്ലാവർക്കും ചേർന്ന് ക്ഷേമനിധിബോർഡുകളുടെ പ്രവർത്തനം കുറേ ക്കൂടി മെച്ചപ്പെടുത്തണം. അതിനുള്ള നടപടികൾ ഗവൺമെന്റ് ഇനിഷ്യേറ്റ് ചെയ്ത് കഴിഞ്ഞിട്ടുണ്ട്.

<u>ശ്രീ. ചിറ്റയം ഗോപകുമാർ</u>: സർ, കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിന്, ഭൂമി ക്രയ വിക്രയം ചെയ്യുമ്പോൾ ഗവൺമെന്റ് അതിന് ഒരു സെസ്സ് തരുന്നു. അങ്ങനെ

ലഭിക്കുന്ന തുകയുടെ ഒരുശതമാനം ക്ഷേമനിധിബോർഡിലേക്ക് നൽകിയാൽ തീർച്ചയായിട്ടും ഈ പ്രതിസന്ധിക്ക് കുറച്ചെങ്കിലും ആശ്വാസം കിട്ടും. അതുപോലെതന്നെ ഇതിൽ അംഗങ്ങളായിട്ടുള്ള തൊഴിലാളികൾക്ക് 24 മാസം കഴിയുമ്പോൾ രജിസ്ട്രേഷൻ നഷ്ടപ്പെടുന്നുണ്ട്. അത് എല്ലാ പ്രാവശ്യവും അവർക്ക് പുതുക്കാനുള്ള നടപടി സ്വീകരിക്കാൻ ഗവൺമെന്റ് ഉത്തരവ് കൊടുക്കാറുണ്ട്. ആ നടപടികൂടി സ്വീകരിക്കുമോ?

ശ്രീ. ഷിബു ബേബി ജോൺ: സർ, രണ്ടുകാര്യങ്ങളാണ്. ആദ്യം പറഞ്ഞത് നയപരമായി തീരുമാനിക്കേണ്ട കാര്യമാണ്. ഇതിന്റെ വിവിധ വശങ്ങൾ ഞങ്ങൾ ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. എങ്ങനെ വരുമാനം വർദ്ധിപ്പിക്കാമെന്നുള്ള കാര്യം ഇവിടെ ചർച്ച ചെയ്യും, ഈ കാര്യവും പരിശോധിക്കാം, ഇതെല്ലാം ലേബർ ഡിപ്പാർട്ട്മെന്റിന് മാത്രം തീരുമാനിക്കാൻ പറ്റുന്ന കാര്യമല്ല. എങ്കിലും നമുക്ക് ചെയ്യാം. രണ്ടാമതായി പറഞ്ഞത് നമുക്ക് അനുഭാവപൂർവ്വം പരിഗണിക്കാം. എന്നാൽ ഒരു കാര്യമുള്ളത്, ലേറ്റസ്റ്റ് സെൻസസ് അനുസരിച്ച് കേരളത്തിൽ 15 ലക്ഷത്തോളം കർഷകത്തൊഴിലാളി കളേയുള്ളൂ; നമ്മുടെ ലിസ്റ്റിൽ 24 ലക്ഷത്തോളം കർഷകത്തൊഴിലാളി കളുണ്ട്. അതിൽതന്നെ വ്യാജ അംഗത്വമുണ്ട്. രണ്ടും മൂന്നും വർഷമായി പുതുക്കാതിരിക്കുന്ന ബഹുഭൂരിപക്ഷംപേരും ഇതിനെക്കുറിച്ച് വലിയ താൽപ്പര്യമില്ലാതെ വിട്ടുപോയിട്ടുള്ളവരാണ്. അവർക്ക് വീണ്ടും പുതുക്കാൻ അവസരം കൊടുക്കണോ; അതോ അവരുടെ ജന്യൂവിനിറ്റി പരിശോധിച്ചിട്ട് പുന:ക്രമീകരണത്തിനുശേഷം ഒരവസരം കൊടുക്കണോ എന്നു മാത്രമേ ആലോചിച്ചിട്ടുള്ളൂ.

മി. സ്പീക്കർ: സബ്മിഷൻ ഇവിടെ ആരംഭിക്കുന്നു. അതിനുമുൻപ് നമ്മുടെ ഫിനാൻസ് ബില്ല് സബ്ജക്ട് കമ്മിറ്റിയ്ക്ക് അയച്ചതിനുശേഷം അടിയന്തരപ്രമേയം നമുക്ക് 2 മണിക്കൂർ ചർച്ച ചെയ്യാവുന്നതാണ്. അതിന് നിയമസഭാചട്ടം 55 ഇക്കാര്യത്തിനുവേണ്ടി താല്ക്കാലികമായി സഭയുടെ അനുമതിയോടെ റദ്ദ് ചെയ്യുന്നു.